# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702

2019 ജനുവരി 19

# വാർത്താക്കുറിപ്പ്

---

**പരീക്ഷ തീയതി**

ഒന്നാം സെമസ്റ്റർ ബി.വോക് (2017 അഡ്മിഷൻ റഗുലർ/2016 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ജനുവരി 31ന് ആരംഭിക്കും. പിഴയില്ലാതെ ജനുവരി 23 വരെയും 500 രൂപ പിഴയോടെ 24 വരെയും 1000 രൂപ സൂപ്പർഫൈനോടെ 25 വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ./39/90/2019)

**ഡോ. നന്ദകുമാർ കളരിക്കലിന് ഫ്രഞ്ച് സർവകലാശാലകളുടെ പ്രൊഫസർഷിപ്പ് ബഹുമതികൾ**

മഹാത്മാ ഗാന്ധി സർവകലാശാല നാനോ സെന്റർ, സ്കൂൾ ഓഫ് ഫിസിക്സ് മേധാവിയും പ്രമുഖ ഗവേഷകനുമായ ഡോ. നന്ദകുമാർ കളരിക്കലിന് ഫ്രഞ്ച് സി.എൻ.ആർ.എസ്. പ്രൊഫസർഷിപ്പ് ബഹുമതികൾ ലഭിച്ചു. നാനോസയൻസ്, ഫെറോ മാഗ്നറ്റിസം, പ്ലാസ്മ ഫിസിക്സ് എന്നീ മേഖലകളിലെ അദ്ദേഹത്തിന്റെ ഗവേഷണ നൈപുണ്യവും പ്രസിദ്ധീകരണങ്ങളും കണക്കിലെടുത്താണ് ഫ്രാൻസിലെ ലോറയ്ൻ-നാൻസി, ക്ലോഡ് ബർണാഡ്-ലയോൺ എന്നീ സർവകലാശാലകൾ ബഹുമതികൾ നൽകുന്നത്. ഇതോടെ ഇന്ത്യയിലെ ഉന്നത പഠന ഗവേഷണ മേഖലകളിൽ ഈ അപൂർവ്വ ബഹുമതിക്ക് അർഹരാവുന്ന ഗവേഷകരിൽ ഒരാളായി ഡോ. നന്ദകുമാർ.

(പി.ആർ.ഒ./39/91/2019)

**ഫോട്ടോ ക്യാപ്ഷൻ**

**ഡോ. നന്ദകുമാർ കളരിക്കൽ**

**ഇന്റർ കോളജിയറ്റ് നാടകോത്സവം; മഹാരാജാസ് കോളേജ് ജേതാക്കൾ**

ജനുവരി 16, 17 തീയതികളിൽ തിരുവല്ല ഡി.ബി. കോളേജിൽ നടന്ന മഹാത്മാ ഗാന്ധി സർവകലാശാല ഇന്റർകോളേജിയറ്റ് നാടകോത്സവത്തിൽ എറണാകുളം മഹാരാജാസ് കോളേജിന്റെ 'ഇരാവൻ' എന്ന നാടകം ഒന്നാം സ്ഥാനം നേടി. എറണാകുളം സെന്റ് തെരാസസ് കോളേജിന്റെ 'ആന്റിഗണി', ആലുവ സെന്റ് സേവ്യേഴ്സ് കോളേജിന്റെ 'പിഷോൺ തീരത്തെ ഞാങ്ങണകൾ' എന്നീ നാടകങ്ങൾ യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി.

മികച്ച നടനായി മിഥുൻ സൂര്യയും (ഇരാവൻ) മികച്ച നടിയായി സായ് ലക്ഷ്മിയും (ആന്റിമണി) തെരഞ്ഞെടുക്കപ്പെട്ടു. അക്ഷര എ.എസ്. (പിഷോൺ തീരത്തെ ഞാങ്ങണകൾ) സ്പെഷൽ ജൂറി അവാർഡിന് അർഹയായി.

(പി.ആർ.ഒ./92/89/2019)

**പി.കെ. സജീവ്**

ഡെപ്യൂട്ടി രജിസ്ട്രാർ &
പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)